ചാലക്കുടിപുഴയേയും പരിസ്ഥിതിയേയും മലിനീകരിക്കുന്ന നിറ്റാ ജലാറ്റിൻ കമ്പിനിക്കെതിരെ തദ്ദേശവാസികൾ നടത്തുന്ന സമരം തുടരുകയാണ്. സമരത്തെ ചെറുക്കുന്നതിനും സമരപ്രവർത്തകരുടെ വാദങ്ങൾ കുപ്രചരണങ്ങാളണെന്ന് വരുത്തിതീർക്കുന്നതിനും കമ്പിനി അധികൃതർ ശ്രമങ്ങൾ ആരംഭിച്ചിരിക്കുകായാണ്. കേരളത്തിലെ പരിസ്ഥിതി സാമൂഹ്യ പ്രവർത്തകരുടെ ശക്തമായ പിന്തുണയാണ് കാതിക്കുടം ഇപ്പോൾ ആവശ്യപ്പെടുന്നത്.

കാതിക്കുടത്തെ സമരപ്രവർത്തകൻ **അനിൽകുമാറി**ന്റെ അനുഭവങ്ങളിലൂടെ.

# കാതിക്കുടത്തെ സമരവഴികൾ

സീന

2005ൽ നിറ്റാ ജലാറ്റിൻ കമ്പനിയിൽ ജൂനിയർ ഓപ്പറേറ്ററായിരുന്നു കാതികുടത്തെ അനിൽ കുമാർ. ഷിഫ്റ്റു മാറി വന്ന സാഹചര്യത്തിൽ ഒരു ദിവസം യാദൃശ്ചികമായി രാത്രിഡ്യൂട്ടി എടുക്കേണ്ടി വന്ന അനിലും കമ്പനിയിൽ നിന്നും മാരകമായ മാലിന്യങ്ങൾ ചാലക്കുടിപ്പുഴയിലേക്ക് ഒഴുക്കിവിടുന്നുണ്ടെന്ന് മനസ്സിലാക്കി. ഇത് ചെയ്യാൻ അനിൽ നിർബന്ധിക്കപ്പെട്ടപ്പോൾ പിറ്റേന്നു തന്നെ കമ്പനിയിൽ നിന്നും രാജി വെച്ചു. കാതികുടത്തെ മലിനമാക്കുന്ന നിറ്റാ ജലാറ്റിൻ കമ്പനിയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ അങ്ങനെ അനിലും സജീവമായി. ആദ്യകാലത്ത് കമ്പനിയ്ക്കെതിരെ പ്രതിരോധ സമരങ്ങൾ തുടങ്ങിയിട്ടുണ്ടായിരുന്നെങ്കിലും കമ്പനിയുടെ സമ്മർദ്ദത്തിന്റെ ഫലമായി സമരങ്ങളൊന്നും വിജയ പ്രാപ്തിയിലെത്തിയിരുന്നില്ല. കൂടാതെ സമരങ്ങൾക്കു നേതൃത്വം നൽകിയ പലരും പിന്നീട് കമ്പനിയിൽ ജോലിക്കാരായി. അങ്ങനെ ജനങ്ങൾക്ക് സമരത്തിൽ വിശ്വാസം നഷ്ടപ്പെട്ടിരുന്ന സമയത്താണ് അനിൽ സമരപരിപാടികളിൽ സജീവമായത്. നവോന്മേഷത്തോടെ സമരം തുടരാൻ തീരുമാനിച്ച അനിലിന്റെ നേതൃത്വത്തിലുള്ള പ്രവർത്തകർക്ക് നേരിടേണ്ടിവന്ന പ്രധാന വെല്ലുവിളി ജനങ്ങളുടെ നഷ്ടപ്പെട്ട വിശ്വാസം തിരിച്ചുപിടിക്കുക എന്നതായിരുന്നു. അതിനായി ആദ്യഘട്ടത്തിൽ വാർഡുകൾ തോറും ബോധവൽക്കരണ ക്ലാസുകളും സെമിനാറും നടത്തി. സമര പ്രവർത്തകരുടെ ഉദ്ദേശശുദ്ധി ജനങ്ങൾക്കു ബോധ്യപ്പെട്ടതിന്റെ ഫലമായി നിറ്റാ ജലാറ്റിൻ കമ്പനിയ്ക്കെതിരായ സമരം കൂടുതൽ ജനകീയമായി.

കാതികുടത്തെ വിഷമത്തിലാക്കിയ നിറ്റാജലാറ്റിൻ കമ്പനി 1979 ലാണ് പ്രവർത്തനമാരംഭിക്കുന്നത്. മൃഗങ്ങളുടെ എല്ലിൽ നിന്നും ഒസീൻ എന്ന പദാർത്ഥം വേർതിരിച്ചെടുക്കയാണ് ഇവിടെ ചെയ്യുന്നത്. നിർമ്മാണപ്രവർത്തനങ്ങളുടെ ഫലമായി ടൺകണക്കിനു ഖരദ്രവ മാലിന്യങ്ങളാണ് അനുദിനം ഫാക്ടറി ഉൽപാദിപ്പിക്കുന്നത്. ദ്രവമാലിന്യങ്ങൾ ചാലക്കുടിപ്പുഴയിലേക്കും ഖരമാലിന്യങ്ങൾ ആദ്യഘട്ടത്തിൽ കമ്പനി വളപ്പിനകത്തും പിന്നീട് കാതികുടത്തും സമീപപ്രദേശങ്ങളിലും നിക്ഷേപിക്കുകയായിരുന്നു കമ്പനി ചെയ്തിരുന്നത്.

കാലക്രമേണ കമ്പനിപരിസരവാസികൾക്ക് പലതരത്തിലുള്ള ശ്വാസകോശരോഗങ്ങളും ക്യാൻസറും മറ്റും ബാധിക്കാൻ തുടങ്ങി. കിണറുകളും ചെറുതോടുകളും മലിനീകരിക്കാൻ തുടങ്ങി.

ഖരമാലിന്യത്തിനെതിരെയുള്ള പ്രതിഷേധം വ്യാപകമായപ്പോൾ കമ്പനി തൃശൂർ, പാലക്കാട്, എറണാകുളം, വയനാട് ജില്ലകളുടെ വിവിധ ഭാഗങ്ങളിൽ സ്ഥലമുടമകൾക്ക് പണം കൊടുത്ത് അവിടങ്ങളിൽ നിക്ഷേപിക്കാനുള്ള ശ്രമം തുടങ്ങി. കമ്പനിയുടെ ഉത്പാദനം വർധിപ്പിച്ചപ്പോൾ മാലിന്യങ്ങളുടെ അളവും വർധിച്ചു. കാതികുടത്തെ പാടത്തും പറമ്പിലും ചാലക്കുടി പുഴയിലും ഈ മാലിന്യം നിറഞ്ഞിരുന്നു. തദ്ദേശവാസികൾക്ക് അസുഖങ്ങൾ വ്യാപമായിട്ടുണ്ടെങ്കിലും പഠനം നടത്തിയപ്പോഴാണ് ഇതിന്റെ ഭീകരത വ്യക്തമാണ്. കമ്പനി മൂലമുണ്ടാകുന്ന വായു, ജലം, മണ്ണ് മലിനീകരണത്തിനെതിരെ ജനങ്ങൾ ശക്തമായ നിലപാടോടുകൂടിയാണ് സമരത്തിനിറങ്ങിയിരിക്കുന്നത്. കാതികുടത്തെ സ്വച്ഛജീവിതം വിഷയമാക്കിയ നിറ്റാ ജലാറ്റിൻ കമ്പനി അടച്ചുപൂട്ടുക എന്നൊരു ലക്ഷ്യം മാത്രമാണ് സമരത്തിനുള്ളത്.



കമ്പനിയ്ക്കെതിരെ ഒപ്പുശേഖരണം നടത്തിയപ്പോഴാണ് ചാലക്കുടിപ്പുഴയുടെ മുകൾത്തട്ടിലുള്ള കിണറുകൾ വരെ മലിനീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് ബോധ്യമായത്. കൂടാതെ ചാലക്കുടിപ്പുഴയിലെ 3 കുടിവെള്ള പദ്ധതികളും (മാമ്പ്ര - ചെട്ടിക്കുന്ന് പദ്ധതി, പുത്തൻ വേലിക്കര പദ്ധതി, എറിയാട് - മേത്തല കൊടുങ്ങല്ലൂർ- വൈന്തല പദ്ധതി) ഇന്ന് മലിനീകരണഭീഷണിയിലാണ് ഛർദ്ദി, മനം പുരട്ടൽ, ഓർമ്മകുറവ്, ബുദ്ധിമാന്ദ്യം തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ കുട്ടികളിലും വ്യാപകമായതോടെ കാതികുടത്തെ സ്ത്രീകളും സമരപ്രവർത്തനങ്ങളിൽ സജീവമായി തുടങ്ങി. വാർഡുതലങ്ങളിൽ നടക്കുന്ന കുടുംബയോഗങ്ങളിലൂടെ സ്ത്രീസാന്നിദ്ധ്യം വർധിപ്പിക്കുന്നതിന് സമരസമിതിക്കു സാധിച്ചു.

സമരത്തെ തകർക്കുന്നതിന് കമ്പനി പല സമ്മർദ്ധങ്ങളും ചെലുത്തുന്നുവെങ്കിലും സമരസമിതി ശുഭാപ്തിവിശ്വാസത്തോടെയാണ് മുന്നോട്ടുപോകുന്നത്. ഇതിനകം തന്നെ കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരുടെയും സാമൂഹ്യപ്രവർത്തകരുടേയും പിന്തുണ നേടുന്നതിന് സമരസമിതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കമ്പനി കേരളത്തിൽ പല ഭാഗങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതു കൊണ്ടുതന്നെ കാതികുടത്തെ പ്രശ്നം കേരളത്തെ മൊത്തത്തിൽ ബാധിക്കുന്ന ഒന്നാണ്. ഈ പ്രശ്നത്തെ കേരളീയ സമൂഹത്തിന്റെ പൊതു ഇടങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നതിനും പരിഹരിക്കപ്പെടുന്നതിനും വേണ്ട പ്രവർത്തനങ്ങളുമായി സമരസമിതി സജീവമാണ്.

നിറ്റാ ജലാറ്റിൻ കമ്പനിയുടെ സമരത്തിനെതിരായുള്ള നീക്കങ്ങൾക്കെതിരെ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനുള്ള ഒരുക്കത്തിലാണ് സമരപ്രവർത്തകർ. കമ്പനി അടച്ചുപൂട്ടുക തന്നെ ചെയ്യും എന്ന പ്രതീക്ഷയാണ്, ജീവിതം കരുപിടിപ്പിക്കാൻ നിരവധി അവസരങ്ങൾ മുന്നിലെത്തിയിട്ടും അതെല്ലാം ഉപേക്ഷിച്ച് സമരരംഗത്ത് നിലയുറപ്പിക്കുന്ന അനിലിനും ഊർജ്ജമാകുന്നത്. അനിലിന്റെ വാക്കുകളിലൂടെ പറയുകയാണെങ്കിൽ, "പ്രതീക്ഷയുണ്ട്, അവസാനം വരെ! ഒറ്റയ്ക്കല്ല കൂട്ടായ പ്രതിരോധത്തിലൂടെ ഇത് സാധ്യമാണെന്ന പ്രതീക്ഷ."

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**

